**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 629** **24-08-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഒരു വ്യവസായ സംരംഭകനാകാൻ വ്യക്തികളെ സഹായിക്കുവാൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികൾക്ക് സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കിക്കൊണ്ട് എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളെയും MSME ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻറെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ പ്രൊഫഷനൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നു വരുന്നു. ഇത് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് സംരംഭകർക്ക് നേരിട്ടുള്ള സഹായം നൽകുന്നതിനും, സംരംഭക വർഷവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ബിടെക്/ എം.ബി.എ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സംരംഭകർക്കുള്ള ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ആഴ്ചയിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം സംരംഭകർക്ക് ലഭ്യമാകുന്നതാണ്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ സംശയ ദൂരീകരണത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>മേൽ പറയുന്ന വിവിധ പ്രവർത്തനങ്ങൾ കൂടാതെ വ്യവസായ സംരംഭകനാകാൻ വ്യക്തികളെ സഹായിക്കുവാൻ താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നുണ്ട്.<br>1. സംരംഭക സഹായ പദ്ധതി (ESS) |

| | | | |
|---|---|---|---|
| | | | 2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി<br>3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്<br>4. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി<br>5. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)<br>6. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി<br><br>കൂടാതെ 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പുതിയ പദ്ധതികളും പ്രഖ്യാപിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി:<br>2.മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി |
| (ബി) | വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി സംരംഭകന് എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള 40 വസായ പാർക്കുകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റമതിൽ, ഗേറ്റ് ,മാലിന്യ സംസ്കരണത്തിനായി Common Effluent Treatment Plant, വൈദ്യുത തടസ്സം ഒഴിവാക്കുന്നതിനായി Power Feeder എന്നിവ സ്ഥാപിച്ച് വരുന്നുണ്ട്. ഓരോ വർഷവും ബഡ്ജറ്റ് വിഹിതത്തിൽ നിലവിലുള്ള പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തുകയും ആയത് അനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുമുണ്ട്. ഇവക്ക് പുറമെ ബഹുനില വ്യവസായ സമുച്ചയങ്ങളും നിർമ്മിച്ച് സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടികളും സ്വികരിച്ചു വരുന്നു. കൂടാതെ G.O(Ms) No. 31/2022/ID തീയതി 02.04.2022 സർക്കാർ ഉത്തരവ് പ്രകാരം Private Industrial Estate Scheme -2022 നിലവിൽ വന്നിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാപിതമാവുന്ന സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭം ആരംഭിക്കുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഡെവലപ്പർ സജ്ജജമാക്കി സംരംഭകർക്ക് നൽകുന്നു. ഈ പദ്ധതി പ്രകാരം സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം മറ്റു പൊതു അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നതാണ്. ഇത്തരത്തിൽ ഏക്കറിന് 30 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെയാണ് ധനസഹായം അനുവദിക്കുക. |

സെക്ഷൻ ഓഫീസർ